**റൂളിംഗ്**

മി. സ്പീക്കർ: 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ വ്യവസ്ഥകൾ 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം എന്ന കേന്ദ്രനിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ധനകാര്യ മെമ്മോറാണ്ടം അപര്യാപ്തമാണെന്നുമാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) തന്റെ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഈ ബിൽ, തൊഴിലുറപ്പ് രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായുള്ള ഒരു ക്ഷേമനിധിക്ക് രൂപം നൽകാനുള്ള നിയമമാണ്. വിവിധ തൊഴിൽ മേഖലകളിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമത്തിലൂടെതന്നെ പ്രത്യേകം പ്രത്യേകം ക്ഷേമനിധികൾ രൂപീകരിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം എന്നത് നമുക്ക് അഭിമാനിക്കാൻ വകയുള്ള കാര്യമാണ്. ഇത്രയധികം വെൽഫെയർ ലെജിസ്ലേഷനുകൾ മറ്റെങ്ങും നമുക്ക്

കാണാനാകില്ല. അതുപോലൊരു ക്ഷേമനിധി തൊഴിലുറപ്പ് രംഗത്ത് പ്രവർത്തിക്കുന്നവർക്കുവേണ്ടി രൂപീകരിക്കാനാണ് ഈ ബില്ലിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. ഇത് കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നില്ലെന്ന് മാത്രമല്ല, ഒരു വെൽഫെയർ ലെജിസ്ലേഷൻ എന്ന നിലയിൽക്കൂടി കാണേണ്ടതുണ്ട്. അതുപോലെ, ധനകാര്യ വകുപ്പിന്റെകൂടി പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിലും പ്രകടമായ ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തുവാൻ കഴിയുന്നില്ല. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെയും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെയും അവതരണത്തിനെതിരെ ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച തടസ്സവാദത്തിനും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. ഓർഡിനൻസുകൾക്ക് പകരമുള്ള നിയമനിർമ്മാണ കാര്യത്തിൽ നമ്മുടെ സഭയിൽ എത്രയോ നാളായി നടന്നുവരുന്ന ഒരു കീഴ്വഴക്കം എന്ന നിലയിൽ തന്നെയാണ് ഈ രണ്ട് ബില്ലുകളും സഭയുടെ മുമ്പാകെ വന്നിട്ടുള്ളത്.

കേരള നിയമസഭയുടെ നടപടിക്രമവും കീഴ്വഴക്കവും എന്ന നമ്മുടെതന്നെ റഫറൻസ് ഗ്രന്ഥത്തിന്റെ അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച രണ്ടാം വാല്യത്തിലെ അദ്ധ്യായം 17-ൽ ഇപ്രകാരം പറയുന്നു:

"ഓർഡിനൻസിന് പകരമുള്ള ബിൽ തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽത്തന്നെ പാസ്സാക്കിക്കൊള്ളണമെന്നില്ല. ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം ചേരുന്ന ആദ്യ സമ്മേളനത്തിന്റെ ആദ്യ ദിവസം മുതൽ 42 ദിവസത്തിനുള്ളിൽ പാസ്സാക്കിയാൽ മതിയാകും. ആദ്യ സമ്മേളനത്തിൽ പാസ്സാക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നപക്ഷം അത് തൊട്ടടുത്ത സമ്മേളനത്തിലായാലും ആദ്യ സമ്മേളന തീയതി മുതലുള്ള 42 ദിവസമെന്ന കാലപരിധിക്കുള്ളിൽ ആയിരുന്നാൽ മതിയാകുന്നതാണ്." (പേജ് 456)

ഇതാണ് നമ്മുടെ കീഴ്വഴക്കം. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട കുറെയേറെ ഓർഡിനൻസുകൾക്ക് പകരം നിയമനിർമ്മാണം നടത്തുവാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. കഴിഞ്ഞ സമ്മേളന കാലത്ത് ഇതുസംബന്ധിച്ച ക്രമപ്രശ്നം തീർപ്പാക്കിക്കൊണ്ട് നൽകിയ

റൂളിംഗിന്റെകൂടി അടിസ്ഥാനത്തിലാണ് നിയമനിർമ്മാണത്തിന് മാത്രമായി ഈ സമ്മേളനം ചേരുന്നതും ഓർഡിനൻസുകൾക്ക് പകരമായി നിയമനിർമ്മാണം നടത്തുവാൻ നാം പരിശ്രമിക്കുന്നതും. ഈ സാഹചര്യത്തിൽ ശ്രീ. എൻ. ഷംസുദ്ദീന്റെ തടസ്സവാദവും നിലനിൽക്കുന്നതല്ലെന്ന് അറിയിക്കുന്നു.

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243 Z D-യിൽ വിഭാവന ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നതാണ് ശ്രീ. മഞ്ഞളാംകുഴി അലിയുടെ തടസ്സവാദം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യവും വിശദമായി ഇവിടെ പരാമർശിക്കുകയുണ്ടായി. സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരത്തിന്റെ പരിധിയിൽ വരുന്ന വ്യവസ്ഥകൾ മാത്രമാണ് ബില്ലിൽ വിഭാവന ചെയ്തിരിക്കുന്നതെന്നാണ് നിയമോപദേശത്തിന്റെകൂടി അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത ബില്ലിന്റെ അവതരണത്തെ സംബന്ധിച്ച തടസ്സവാദവും നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.